പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1680 — 13.07.2011 ൽ മറുപടിക്ക്

## കെ.എസ്.എഫ്.ഡി.സി. യിൽ സ്ഥിരനിയമനം നടത്താൻ നടപടി

| | ചോദ്യം<br>ശ്രീ. എം. എ. വാഹിദ് : | | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) |
|---|---|---|---|
| (എ) | എ.സി. പ്ളാന്റ് ഓപ്പറേറ്റർ, എസ്. അജിത് കുമാറിനെ എന്നാണ് കെ.എസ്.എഫ്.ഡി.സി.യിൽ നിയമിച്ചത് ; | (എ) | 22.2.1988-ൽ |
| (ബി) | നിയമനം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത നിയമനം നടത്തിയതെന്തുകൊണ്ടാണ് ; | (ബി) | ശ്രീ. അജിത്കുമാർ എ.സി.പ്ളാന്റ് ഓപ്പറേറ്ററായി എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ആണു നിയമിക്കപ്പെട്ടത്. ശ്രീ അജിത്കുമാർ ഉൾപ്പെടെ ഒൻപത് ടെക്നീഷ്യൻമാരുടെ നിയമനം ഗവൺമെന്റ് അംഗീകാരത്തിന് വിധേയമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ബോർഡ് തീരുമാനപ്രകാരം ക്രമപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി ബോർഡ് തീരുമാനത്തിന് ഗവൺമെന്റ് അംഗീകാരം ഇനിയും ലഭിച്ചിട്ടില്ല. |
| (സി) | താൽക്കാലിക ജീവനക്കാരനായ അജിത് കുമാറിന് സ്ഥിരം ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; | (സി) & (ഡി) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ബോർഡ് തീരുമാനപ്രകാരം ശ്രീ. അജിത് കുമാറിന്റെ നിയമനം ഗവൺമെന്റ് അംഗീകാരത്തിന് വിധേയമായി ക്രമപ്പെടുത്തിയത് കൊണ്ട് ടിയാൾക്കും സമാന ജീവനക്കാർക്കും, കഴിഞ്ഞ കുറേ വർഷങ്ങളായി ഇൻക്രിമെന്റ്, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |
| (ഡി) | എങ്കിൽ ക്രമവിരുദ്ധമായി കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ ; | | |
| (ഇ) | സംവരണ വ്യവസ്ഥകൾ അട്ടിമറിച്ച് സംവരണ തസ്തികയിൽ ക്രമവിരുദ്ധമായി നിയമിച്ച അജിത്കുമാറിനെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കപ്പെട്ട അജിത്കുമാറിന്റെ നിയമനം കെ.എസ്.എഫ്.ഡി.സി. ബോർഡ് തീരുമാനപ്രകാരം ഗവ. അംഗീകാരത്തിന് വിധേയമായി ക്രമപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി സമാനരീതിയിലുള്ള കുറേയധികം ജീവനക്കാർ കെ.എസ്.എഫ്.ഡി.സി.യിൽ ജോലി ചെയ്തു വരുന്നു. മേൽ ജീവനക്കാരെ പിരിച്ചു വിടേണ്ടതില്ലെന്ന് 19.2.2010 ലെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | എ.സി. പ്ളാന്റ് ഓപ്പറേറ്ററുടെ സ്ഥിരം തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ തസ്തികയിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി എന്നത്തേയ്ക്ക് സ്ഥിര നിയമനം നടത്തും ? | (എഫ്) | എ.സി. പ്ളാന്റ് ഓപ്പറേറ്ററുടെ സ്ഥിരം തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ചലച്ചിത്ര വികസന കോർപ്പറേഷൻ 27.10.10 ലെ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും ആളെ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ